ഡിജിറ്റൽ മാഗസിൻ 2019-20

പി.ആർ.എം.എച്ച്.എസ്സ്.എസ്,പാനൂർ

Little KITEs



കവർ പേജ് : ഹാനിൻ എസ് പ്രദീപ്




# LittleKITEs members

**2019-2020**


RAHIMA N K


PREETHIKA K


ADIYA N P


FATHIMATHUL SHAJA K


POOJA P V


FATHIMATHUL RIFA T K


UMMU NEHMA


RIMA FATHIMA


SONA SUNIL


FATHIMA U K


AYANA M


SHAHANA SHERIN


ABHINAYA M K


MISWA FATHIMA P


DEVANJANA


DEVANANDA K


MUNAD K


ANAMAYAN K


RISHANA FEHMIDA


FATHIMATHUL SHAFNA


ADITHYA C

## PRM HSS PANOOR

LittleKITEs Unit No.LK/2018/14027, Ph: 04902312500,
Email:prmhsspanoor@gmail.com



# മുഖമൊഴി...

കാക്കത്തൊള്ളായിരം സർഗാത്മകസൃഷ്ടികൾക്ക് ഒരു പേറ്റിച്ചിയുടെ ഭാവവും കരുതലും സ്നേഹവും തലോടലും നൽകി സർഗധനരായ കലാകാരന്മാർക്ക് കൂട്ടിരുന്ന കുപ്പിക്കൂളുകളെ സ്മരിച്ചുകൊണ്ടാണ് ഇത്തവണ ഞങ്ങൾ ഡിജിറ്റൽ പതിപ്പ് തയ്യാറാക്കുന്നത്. സർഗാത്മകയൗവനങ്ങൾ പകർത്തുന്ന സാഹിതീയഗരിമകളോടൊപ്പം തന്നെ ചേർത്തുനിർത്താവുന്ന മറ്റൊരു വിഭാഗം തന്നെയാണ് സർഗാത്മകകൗമാരങ്ങൾ കോറിയിടുന്ന സാഹിതീയലോകവും. അതിന്റെ വർണ-വാങ്മയരൂപങ്ങളാണ് ഇതിലെ ഓരോ താളിലൂടെയും മിടിച്ചുകൊണ്ടിരിക്കുന്നത്.

കണ്ണഞ്ചിപ്പിക്കുന്ന പ്രകാശവലയത്തിലാണ് ഇന്നത്തെ ലോകം. രാത്രികൾക്ക് പകലുകളേക്കാൾ തീക്ഷ്ണസൗന്ദര്യം ഒരുക്കുന്ന തരത്തിൽ കാലം പ്രകാശത്തിന്റെ ഗതിവേഗങ്ങൾ നിർണയിച്ചിരിക്കുന്നു. തോമസ് ആൽവാ എഡിസൺ എന്ന വിഖ്യാതശാസ്ത്രജ്ഞൻ ബൾബ് എന്ന വിസ്മയത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനു മുമ്പുവരെ രാത്രികൾക്ക് എന്നും കൂട്ടിരിപ്പുകാർ കുപ്പിക്കൂളുകളും മെഴുകുതിരികളും മറ്റ് ദീപവിതാനങ്ങളുമായിരുന്നു. കുപ്പിക്കൂളുകളിൽ നിന്നൊഴുകിയ മങ്ങിമഞ്ഞിച്ച പ്രകാശധാരയിൽ ഹൃദയസംസ്കൃതിക്കും ഹൃദയോന്നതിക്കും പ്രേരകശക്തിയായി ഒട്ടനവധി കാലാതിവർത്തിയായ സർഗാത്മകസൃഷ്ടികൾ പിറവികൊണ്ടു. ഒരുപക്ഷേ ഇന്നത്തെ ഡിജിറ്റൽ ലോകവും നവസാമൂഹികമാധ്യമങ്ങളും പ്രദാനം ചെയ്യുന്നതിനേക്കാളും ഉൾക്കാമ്പും

ഭാവനാസമ്പത്തും സംവേദനക്ഷമതയും നിറഞ്ഞ സർഗാത്മകരചനകൾക്ക് അന്നത്തെ കുപ്പിക്കൂളുകളുടെ ഇത്തിരി വെട്ടം ആത്മഭാവം കൊടുത്തിരുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയല്ല. അതിന് നേർസാക്ഷ്യമാണ് അവ കാലത്തെ അതിജീവിച്ച് നമ്മിലൂടെ ഡിജിറ്റൽ രൂപത്തിലും സഞ്ചരിച്ചു കൊണ്ടേയിരിക്കുന്നു എന്നത്.

ഇവിടെ ഞങ്ങൾ പാനൂർ പി.ആർ.മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കുപ്പിക്കൂളുകൾക്ക് ഒരു പുനർജനി തേടുകയാണ്. പലരുടെയും വിസ്മൃതിയിലേക്ക് ആണ്ടുപോയതും പുരാവസ്തു നിഘണ്ടുവിന്റെ താളുകളിലേക്ക് ഇടംപിടിച്ചുകൊണ്ടിരിക്കുന്നതുമായ സർഗാത്മകതയുടെ ആ പേറ്റിച്ചിയെ പുതിയ ലോകത്തെ കലാ-സാഹിതീയപിറവികൾക്ക് സാക്ഷ്യം വഹിക്കാൻ ഞങ്ങൾ കൂടെ കൂട്ടുന്നു....

ഒപ്പം നിങ്ങളുമുണ്ടാവുമല്ലോ.......?

## ചീഫ് എഡിറ്റർ

## ഷിബിൻ.കെ.കെ






# ആശംസ

കുട്ടികളുടെയും അധ്യാപകരുടെയും സർഗഭാവനകൾ 'കുപ്പിക്കൂളുകളു'ടെ പ്രകാശവലയത്തിൽ ഒത്തിരി ഉയരങ്ങൾ കീഴടക്കട്ടെ... എല്ലാ നൻമകളും നേരുന്നു...

ആശംസകളോടെ
**പ്രീത. പി. വി**
സ്കൂൾ എച്ച്.എം



# കുഞ്ഞുപട്ടങ്ങൾ



**അനിരുദ്ധൻ എട്ടുവീട്ടിൽ**


**കലാധ്യാപകൻ**

**കേ**രളത്തിന്റെ വിദ്യാലയാന്തരീക്ഷങ്ങളിൽ ഡിജിറ്റൽ സാങ്കേതികവിദ്യയിലെ ഗഹനങ്ങളായ ഹാർഡ്വേറുകളും സോഫ്റ്റ്‌വെയറുകളും കളിപ്പാട്ട-ലളിത മനോഭാവങ്ങളോടെ കുട്ടികളിൽ നിറഞ്ഞുനിൽക്കുകയാണ് .

സാങ്കേതിക വിദഗ്ദരുടെ കൈകളിൽ മാത്രം വഴക്കത്തോടെ നിലയുറപ്പിച്ചിരുന്ന ഡിജിറ്റൽ സാങ്കേതികവിദ്യ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സുറികളിലും എത്തിച്ചേർന്നത് അവിചാരിതമായല്ല .സുവ്യക്തവും കൃത്യവുമായ ആസൂത്രണത്തോടെയുള്ള ഗവൺമെന്റിന്റെയും , വിദ്യാഭ്യാസ വകുപ്പിന്റെയും ചിട്ടയായ പ്രവർത്തനങ്ങൾ ഒന്നുകൊണ്ട് മാത്രമാണെന്ന് നിസംശയം പറയാം .സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മുഴുവൻ ക്ലാസ്റൂമുകളും സാങ്കേതിക ഔന്നത്യത്തിലെത്തിക്കുകയെന്ന മഹത് സംരഭം ഫലപ്രാപ്തിയിലെത്തിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ് .

മുൻകാലങ്ങളിൽ വിദ്യാഭ്യാസരംഗത്ത് ഏത് തരത്തിലുള്ള പരിഷ്കരണങ്ങളും നടപ്പിൽ വരുത്തുമ്പോൾ ഒട്ടേറെ ചർച്ചകളും ,വിമർശനങ്ങളും ,വിശകലനങ്ങളും നേരിടുന്നത് പതിവുകാഴ്ച്ചകൾക്ക് വിഭിന്നമായി വിദ്യാഭ്യാസ - സാമൂഹിക രാഷ്ട്രീയ രംഗത്തെ മുഴുവൻ ആളുകളുടെയും അനുഗ്രഹാശിസ്സുകളോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലായി എന്നത് സാങ്കേതിക വിദ്യാഭ്യാസത്തിനെ സമൂഹം എത്രമാത്രം പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത് എന്നതിന്റെ തെളിവാണ് .ഡിജിറ്റലൈസേഷനില്ലാതെ ഇനിയൊരു മുന്നേറ്റം നമുക്ക് ഒരു രംഗത്തും സാധ്യമാവില്ല എന്ന തിരിച്ചറിവ് ഈ സാങ്കേതികവിദ്യയുടെ സ്വകാര്യതയ്ക്കും അതിന്റെ വ്യാപനത്തിനും ആക്കം കൂട്ടിയിട്ടുണ്ട് .

സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നമ്മുടെ സാമൂഹ്യരംഗത്ത് വരും കാലങ്ങളിൽ വരുത്തുന്ന നല്ലതും കെട്ടതുമായ മാറ്റങ്ങൾ പിന്നീട് പഠനവിഷയമാകേണ്ട കാര്യമാണ്. ഏത് ശാസ്ത്ര സാങ്കേതികവിദ്യയും ഫലപ്രാപ്തിയിലെത്തുമ്പോൾ ഒരു നാണയത്തിന്റെ ഇരു വശങ്ങൾപോലെ നൻമയും തിൻമയും നമുക്ക് ദർശിക്കാനാവും .





# അച്ഛൻ

മകളുടെ കണ്ണീരിനെ ഭൂമിയിലേക്കു
പോലും സ്പർശിക്കാതെ
ഏറ്റവാങ്ങിയ മാധുര്യമേ...
എങ്ങനെ തിരിച്ചു നൽകണം
ഇത്രയും നാൾ നുകർന്ന
അമൃത്
ഇരുട്ടായ എനിക്കു വേണ്ടി
ഉരുകിതീർന്ന മെഴുകുതിരി
യായിരുന്നില്ലേ
പറഞ്ഞു തന്ന വാക്കുകളിലെ
സൂര്യന്റെ നാളം എന്നും
ഈ നെഞ്ചിൽ കത്തി ജ്വലിച്ചു...
ഒരു ഞെട്ട് തെറ്റാതെ എല്ലാം
തോളിലേറ്റിയ കരങ്ങളായിരുന്നില്ലേ
എന്നും എന്റെ കരങ്ങൾക്കുക്രൂട്ട്.....



ആദിയ എൻ.പി

**IX H**

छॊटी छोटी सपना देखता है।
इस दुनिया की याद माठी है ।
मॆरी बचपन की याद मीठी है ।
सब लॊगा खुशी सॆ जीतॆ है।

इस दुनीया मॆ पची कॆ समान उडना है।
इस स्वतं हवा मॆं घूमना है।
रंगबिरंगॆ सपनॆ दॆखता है।
सब लोग खुशि सॆ जर्तिं है।



ആരതി ടി
**VIII H**






**സാനിയ.വി.കെ**

**IX A**

രാവിലെ വീട്ടുജോലി എല്ലാം കഴിഞ്ഞ് കുഞ്ഞിനും വച്ചുണ്ടാക്കി ഇറങ്ങും. മൂന്ന് വീടുകളിൽ പണിയുണ്ട്. ഏകമകനായ അക്ഷയ്ക്ക് ഏഴ് മാസം പ്രായമുള്ളപ്പോൾ അവളെയും അവനെയും ഒറ്റക്കാക്കി അവളുടെ ഭർത്താവ് നിശബ്ദമായ ലോകത്തേക്ക് ഒറ്റയ്ക്ക് പോയി.

വർഷങ്ങൾ നീണ്ടു. അവനെ വളർത്തേണ്ട തിരക്കിലായിരുന്നു അവൾ. പ്ലസ് ടു പാസ്സായി. ഉയർന്ന വിദ്യാഭ്യാസത്തിനായി എറണാകുളത്തേക്ക് പോയി. ചിലരുടെ വേട്ടയാടലിൽ പെട്ടെന്ന് വീണു പോയി അവൻ. മാസാമാസം അമ്മ അയക്കുന്ന പണം ദുരുപയോഗം ചെയ്തുകൊണ്ടിരുന്നു. മയക്കുമരുന്ന് പോലുള്ള ലഹരി പദാർത്ഥത്തിന് അടിമയായി. സ്ത്രീയെപ്പോലും കളിപ്പാവയാക്കി തുടങ്ങി അവൻ. മാസങ്ങൾക്ക് ശേഷം നാട്ടിലെ അമ്മയ്ക്ക് ഒരു ഫോൺ കോൾ 'ഒന്നു കോളേജ് വരെ വരണം' കാര്യമെന്തെന്നറിയാതെ ധൃതിയിൽ അവരോടിയെത്തി. ലഹരി പദാർത്ഥത്തിന് അടിമയായി പിച്ചും പേയും പറയുന്ന മകൻ. കണ്ടതൊക്കെ അവിശ്വസനീയമായ കാഴ്ച്ച. അവിടെയും അവൾ തളർന്നില്ല. മകനെയും കൊണ്ട് ഹോസ്പിറ്റലിലെത്തിയപ്പോഴേക്കും വീണ്ടും ഹൃദയം നിലപ്പിച്ചു. ആന്തരിക ചലനങ്ങളെല്ലാം  നിലച്ച വാർത്ത. മകന് കാൻസറാണ്. പെട്ടെന്ന് നെഞ്ചൊന്ന് പാളി.

“ഡോക്ടറേ മകനെ രക്ഷിക്കാൻ പറ്റുമോ ?”

“സാധ്യത തീരെ കുറവാണ്"

“മോന് കാലനെ പേടിയാ"

പിന്നെയും തുടർന്നു ചോദ്യം. മറുപടിയില്ലാത്ത അർത്ഥശൂന്യമായത്.പിന്നീടാണ് മനസ്സിലായത് അമ്മയ്ക്ക് മനോനിലതകരാറിലായെന്ന്. പിന്നീട് മകന്റെ ഓരോ അലർച്ചയും അഡിഷൻ സെന്ററിലെ ഇരുമ്പഴിക്കുള്ളിൽ ഇരുന്ന് നോക്കിക്കാണാൻ വിധിക്കപ്പെട്ട ഒരമ്മ മനസ്സാണ് അവളുടേത്.



*All of them a deep sleep*
*with their dears*
*suddenly a noise*
*broken noise*
*after a minute*
*they are under*
*in the soil*
*dears go a far*
*forever......*



**സോന സുനിൽ**

**IX H**



# सायं सन्ध्या

विविध वर्णपूरितम् पश्चिमाम्बरम्
भासते मम मने तव स्मेरवदनम् ।
हसन्ति हा शिशवः मोदसमेतम्
नृत्यन्ति शलभाः तालपूर्वकम् ।।
अरुणशोभां वितरन्ति तरुलतासु च

अतिमनोहरो भवति तव मुखाम्बुजम् ।
कोकिलाः गायन्ति सुन्दरगीतम्
पक्षिणाः गच्छन्ति स्वस्य नीडेषु ।।

बालकाः क्रीडन्ति हर्षसमेतम्
कृषकाः गच्छन्ति धेनुभिः सह ।
मार्गेषु सर्वत्र शब्दमुखरितम्
सर्वत्र दृष्यते हर्षमेलनम् ।।

भवनेषु ज्वालयन्ति दीपसञ्जयः
मन्दिराणि सर्वत्र प्रार्थनाघ्वनिः ।
आकाशकेदारे नक्षत्रपूरितम्
स्वागतं सुस्वागतं वदामो वयम् ।।



അയന.എം
IX A



# ഗോക്കളെത്തേടിയൊരു പാലക്കാടൻ യാത്ര...

സ്കൂളിലെ ' കാറ്റിൽ ക്ലബിന്റെ ' ഭാഗമായി 07/12/2019-ന് പാലക്കാട് ധോണി ഫാമിലേക്കായിരുന്നു യാത്ര. മുൻ കൃഷിമന്ത്രി കെ.പി. മോഹനൻ 'ഫ്ലാഗ് ഓഫ് ' ചെയ്ത് രാവിലെ 5-മണിക്ക് യാത്ര ആരംഭിച്ചു.ശാസ്ത്രീയമായി കന്നുകാലികളെ പരിപാലിക്കുന്നതിനെക്കുറിച്ച് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനു വേണ്ടിയായിരുന്നു ധോണി ഫാമിലേക്ക് യാത്ര സംഘടിപ്പിച്ചത്.കുട്ടികളും അധ്യാപകരും വെറ്റിനറി ഡോക്ടറും അടക്കം ഞങ്ങൾ 26 പേരുണ്ടായിരുന്നു.

കണ്ണൂർ ജില്ല കഴിഞ്ഞ് കോഴിക്കോട് , മലപ്പുറം ജില്ലകൾ കഴിഞ്ഞു വേണം പാലക്കാട് എത്താൻ . യാത്ര രസകരമാക്കി തീർക്കാൻ ഞങ്ങൾ പല കലാപരിപാടികളും നടത്തി.പശുവിനെ വലർത്തിയതിനെക്കുറിച്ചുള്ള അനുഭവം ഞങ്ങൾ പങ്കുവച്ചു.

അങ്ങനെ ഞങ്ങൾ 11:30-ന് ധോണിഫാമിലെത്തി.ഞങ്ങളുടെ കൂടെയുള്ള ഡോക്ടർ അനിൽകുമാർ ഞങ്ങൾ വരുന്ന കാര്യം ആദ്യമേ അറിഞ്ഞിരുന്നു . അതുകൊണ്ടുതന്നെ നമുക്ക് വേണ്ട എല്ലാ സൗകര്യങ്ങളും അവിടത്തെ ഡോക്ടർമാർ ചെയ്ത് തന്നിരുന്നു.ആദ്യം ഞങ്ങൾ പശുക്കളെ കാണാൻ വേണ്ടിപ്പോയി.സോഡിയം കാർബണേറ്റ് കലക്കിയ വെള്ളത്തിൽ കാൽ കഴുകിയതിനു ശേഷമാണ് ഞങ്ങൾ അകത്തുപോയത്.ശാസ്ത്രീയമായ് എങ്ങനെ കറവ നടത്താം എന്ന് നേരിൽ കണ്ടു.അതിനുശേഷം പശുക്കിടാങ്ങളുടെ അടുത്ത് ചെന്നു.അത് വളരെ

രസകരമായിരുന്നു.ഞങ്ങൾ അവയെ നോക്കുമ്പോൾ , അത് ഭയപ്പെട്ട് പിന്നോട്ട് മാറുമായിരുന്നു.പശു പ്രസവിച്ച ഉടനെ കന്നിപ്പാൽ നൽകിയതിനു ശേഷം കിടാവിനെ മാറ്റുന്നു.പിന്നീടതിന് പാൽ നൽകുന്നത് പാത്രത്തിലാക്കിയാണ്.പശുവിന് നൽകുന്ന പുല്ല് അവിടെത്തന്നെ ശാസ്ത്രീയമായി വളർത്തുന്നതാണ്.

പശുവിനെ കണ്ടതിനു ശേഷം കുറച്ചുസമയം ഞങ്ങൾ പാലക്കാടൻ കാറ്റ് ആസ്വദിച്ചുനിന്നു.അവിടെയുള്ള പ്രകൃതിദൃശ്യങ്ങൾ ഞങ്ങൾ ക്യാമറയിൽ പകർത്തി.

പിന്നീട് ഞങ്ങൾ ആടിനെ കാണുവാൻ വേണ്ടി പോയി.വിവിധയിനം ആടുകൾ അവിടെയുണ്ടായിരുന്നു.നാടൻ ഇനങ്ങളും വിദേശിയിനങ്ങളും .ഓരോന്നിനെപ്പറ്റിയും ഞങ്ങൾക്ക് അവിടെയുള്ള ഡോക്ടർ മനസ്സിലാക്കിത്തന്നു.ആടിന്റെ ഭക്ഷണരീതിയെക്കുറിച്ചും പറഞ്ഞുതന്നു.

ഞങ്ങൾ ഓരോന്നിന്റെയും ഫോട്ടോ എടുക്കുമ്പോൾ അതിന് പിന്തുണ അറിയിച്ചുകൊണ്ട് ആടുകൾ എഴുന്നേറ്റ് നിന്ന് മുഖം കാണിച്ചുതന്നു.അത് വളരെ രസകരമായിരുന്നു.

പിന്നീട് ഒരു ക്ലാസിലേക്കാണ് ഞങ്ങളെ കൊണ്ടുപോയത്.കാളയുടെ ബീജം എടുക്കുന്നതിനെക്കുറിച്ചും മാട്ടുപെട്ടിയിലെ ശാസ്ത്രീയമായ പശു വളർത്തലിനെക്കുറിച്ചും ഞങ്ങൾക്ക് ഒരു ഡോക്യുമെന്ററിയിലൂടെ വ്യക്തമാക്കിത്തന്നു. പിന്നീട് കുറച്ച് വിശ്രമിക്കുകയും ചെയ്ത് വൈകിട്ട് 5-മണിക്ക് അവിടെനിന്നും യാത്രയായി.



**നിവേദിത.ഇ**

**VIII H**

## *VASTER THAN THE VASTEST*

*Black and white*
*Black and red*
*It is just an outer ray , the sun*
*A ray of hope, a ray of love*
*Hi there! They are; Oh! What a wonder !*
*The calamities, the acceptance of the*
*uncared,*
*Hurrah! Rather than that,*
*what is to be seen?*
*But, in all and all over the world*
*There's a mighty revelation!*
*God is one, and we are one*
*But for none, nothing is done!*
*Alas! For a long and*
*"Long life and joy"*
*We are to be one, and one forever.*
*But! Oh! Heart of man, you are*
*Harder than a rock!*
*So, strive for an "ekhdhem victory of*
*love"*
*And, think for the religion of*
*humanity....*



*Mini Teacher*
*HST BIOLOGY*

## കവിയുടെ അനുഭവം

ഒരു കവിതയുടെ നിറവർണ്ണ ഭാവങ്ങൾ ഉണരുവിൻ
ഒരു കടലാസും പേനയും ഞാൻ തന്നെ
കവിയുടെ ഭാവന പകർത്തുന്ന പേനയും
കടലാസിലെഴുതുന്ന കവിതയും.......
ഈ കവി തന്നെയാണീ കവിതക്കാരിയും
ഞാനും ഒരു കവിതയെഴുതി..........
നിമിഷ മരുളാത്ത എട്ട് വരി കവിത
ഞാനും എഴുതി കാണിക്കുമ്പോൾ
എൻ ഗുരുനാഥനായ ആ വ്യക്തി
എന്നോട്ടു പറഞ്ഞു.............................
നീ ഒരു നിമിഷ  കവി...........................

അനന്യ.എം



അനന്യ.എം

**VIII B**

# सफर


हम क्षण हम चलें
कितनी दुर कितनी जगहें
किस ओर,कहॉ,कहॉ तक
जानॆ अनजाने हम चलें
साथ-साथ मिलकर चले
जान -अनजाने कितने
साथी मिले।
कौऩ  जाऩता है कब तक
य़ह सैऱ।
हमाऱा य़ह जीवन सफऱ
सुख-दुख का य़ह तालमेल
खुदा का य़ह अऩोखा पल
राहों से राहों तक
कब से कब तक
य़ह अऩोखा अऩमोल
अधूऱा सफऱ।



*Sheeba P*
*HST Hindi*


പി.ആർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ, പാനൂർ
രാജ്യപുരസ്കാർ ജേതാക്കൾ
2019-2020
PRMHSS PANOOR
ആദിത്ത്.കെ
ഷാൽബിൻ.കെ.സി
വരുൺദേവ്.എം
നവജ്യോത്.കെ.എം
അഭിനവ്.കെ
ദ്രുപത്.വി.ബി
ആദർശ്.ആർ.കെ
SCOUTS
അദ്വൈത്.വി
അശ്വിൻ.പി
അമൽ.എ
പ്രണവ്.ഇ.കെ
മാനവ് സുനിൽ
നവ്ജ്യോത്.ബി
അഭിനന്ദനങ്ങൾ


പി.ആർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ, പാനൂർ
രാജ്യപുരസ്കാർ ജേതാക്കൾ
2019-2020
PRMHSS PANOOR
സൂര്യനന്ദ.കെ.കെ
കാർത്തിക.എസ്
അനാമിക.വി
ലക്ഷ്മിപ്രിയ.വി.പി
ശിവഗംഗ ശശീന്ദ്രൻ
ജ്യോതിക രമേശൻ.എ.പി
വൈഷ്ണവി.യു
അനുപ്രിയ.കെ
കൃഷ്ണപ്രിയ.എസ്
പ്രവിഷ്ണ പ്രേമൻ.വി.കെ
ഷഫ്ന.സി
അനശ്വര.എം
ഐശ്വര്യ.ടി.കെ
സയന മോഹൻ
സഹന.പി
ഷഹന.സി
GUIDES
സാനിയ.എം.കെ
അനുപ്രിയ.എ.ആർ
അമയ.എം.കെ
അനന്യ രതീഷ്
അഭിനന്ദനങ്ങൾ


DRUGS :
YOU USE, YOU LOSE!
THE MORE YOU USE,
THE LESS YOU LIVE.




# മാറുന്ന ലോകത്തിൽ മായാത്ത ചിന്തകൾ


നമ്മുടെ സമൂഹം കാലക്രമേണ മാറ്റങ്ങൾക്ക് വിധേയമാണ്. എങ്കിലും ആ വികസനത്തിന്റെ ഉച്ചകോടിയിൽ നിൽക്കുമ്പോഴും ചില മായാത്ത ചിന്തകൾ ഇന്നും നമ്മെ പിന്തുടരുന്നുണ്ട്. അതിലൊന്നാണ് ലഹരി വസ്തുക്കൾ. കാലം മുന്നോട്ട് നീങ്ങുമ്പോൾ ലഹരി വസ്തുക്കളുടെ തോതും മുന്നോട്ട് തന്നെയാണ് പോകുന്നത്.

ഇന്ന് വളരെ ചെറിയ പ്രായത്തിൽതന്നെ ലഹരി ഉപയോഗം കൂടിവരുന്നുണ്ട് . സങ്കടങ്ങൾ ഇല്ലാതാകാനും സന്തോഷങ്ങൾ പങ്കിടാനും വേണ്ടി ഉപയോഗിക്കുന്ന ലഹരി പിന്നീട് അവരെ കാത്തിരിക്കുന്ന ഒരു കുടുംബത്തിന്റെ മായാത്ത സങ്കടങ്ങളായി എന്നും നിലനിൽക്കും! എന്നും നാം ആ നിമിഷം ചിന്തിക്കും , നാം ലഹരിയായ് കാണേണ്ടത് സമൂഹത്തെയും കുടുംബത്തെയും കാർന്നുതിന്നുന്ന പുകയില മദ്യം ,മയക്കുമരുന്ന് എന്നിവയല്ല ജീവിതമാണ് ലഹരി. ഒരു ലഹരി എന്ന തരത്തിൽ കണ്ട് ആ ലഹരിയെ മറികടക്കാൻ ശ്രമിക്കുകയാണെങ്കിൽ നാം ജീവിതത്തിൽ വിജയിക്കും.സമൂഹത്തിൽ പല , ക്രൂരതകൾക്കും കാരണം ഇത്തരം ലഹരി ഉപയോഗമാണ്. പീഡനം,കൊലപാതകം തുടങ്ങിയവ ഉണ്ടാക്കിത്തീർക്കുന്നത് ലഹരി എന്ന വിഷവസ്തുവാണ്.

ആധുനിക സമൂഹം ലഹരിയുടെ കൈകളിൽ അകപ്പെട്ടുകൊണ്ടിരിക്കുകയാണ്.ഇനിയും ഈ ലോകം നിലനിൽക്കണമെങ്കിൽ , മനുഷ്യരുടെ ലോകം നിലനിൽക്കണമെങ്കിൽ ലഹരിപദാർഥങ്ങളെ ഉപേക്ഷിക്കണം.നമ്മെ മുന്നോട്ട് നയിക്കുന്ന പ്രത്യാശയുടെ വഴിവിളക്കാകുന്ന ജീവിതത്തെ ലഹരിയായി കണക്കാക്കി നമുക്ക് ലഹരിവിമുക്തസമൂഹത്തിനായ് പോരാടാം.



**കൃതികാഹരി**



Education is a tool that could change the fate of the world. Malala Yousafzai was a teenager from Pakistan who fought for her Right for Education. It is one of the fundamental right of every human being. She was a well known activist who started fighting at a very young age. Her father was the owner of an educational institution for only girls. She also said that one pen one book one teacher will change the world. She got Nobel prize for peace. Education is the wealth of man.

Rima fathima



# മരണം വരയ്ക്കുന്നു...



**ദേവാഞ്ജന**

രാവിലെ ആറുമണിക്ക് ജോലിക്ക് പോയി വൈകിട്ട് 6 മണിക്ക് വന്ന് മൊബൈലിലോ ലാപ്പിലോ നോക്കിയിരിക്കുന്നതാണ് ഇന്നത്തെ ജനത.ഇനി ഞാൻ വളച്ചുകെട്ടാതെ കാര്യം പറയാം.

ലണ്ടനിൽ പഠിച്ചുവളർന്ന ഡയാന വലിയ ബിസിനസ്സ്മേനായ രാഗേഷിന്റെയും കല്യാണം ആർഭാടത്തോടെ വീട്ടുകാർ നടത്തി.തിരക്കേറിയ അവരുടെ ജീവിതത്തിൽ രണ്ട് വർഷത്തിനകം ഒരു പുതിയ അതിഥി എത്തി.വലിയ പണക്കാരായ അവർ അവരുടെ സ്റ്റാറ്റസിന് യോഗ്യമായ രീതിയിൽ അവളെ വളർത്താൻ തുടങ്ങി.പക്ഷെ എഴാം വയസ്സിൽ തന്നെ അവൾ ആഡംഭരത്തെ എതിർത്തിരുന്നു.പടംവരയാ -

യിരുന്നു അവളുടെ മിക്കഹോബി.സ്കൂളിലെ പല പരിപാടിക്കും നിൽക്കുമായിരുന്നു.ഒരിക്കൽ ഫസ്റ്റ്പ്രയി

-സുമായി അമ്മയ്ക്കുമഠരനമടുത്തുചെന്ന് കാണിച്ചുകൊടു ത്തു.ലാപ്പോപ്പിൽ കണ്ണുമിഴിച്ചിരുന്ന അമ്മ പറഞ്ഞു.

"ഈ പെണ്ണ് ഓരോന്നും കൊണ്ട് വന്നിരിക്കുന്നു."


"അമ്മേ ഞാൻ മത്സരത്തിൽ വിജയിച്ചിരിക്കുന്നു"

ഇതും കൊണ്ട് ഇപ്പം എന്റെ മുമ്പിൽനിന്ന് പോക്കോനീ"

"അമ്മേ''

"അവളുടെ ഒരു ട്രോഫി ആയിരകണക്കിന് പണിയുള്ള സമയത്താ അവളുടെ കൂത്ത്.''

ചീ......അതും വലിച്ചെറിഞ്ഞശേഷം ഇങ്ങനെ പറഞ്ഞു എന്റെ മുമ്പിൽ നിന്ന് പോക്കോ.മനസ്സിൽ ഒരായിരം വിങ്ങലോടെ അവൾ മുറിയിൽപോയി സങ്കടവും സന്തോഷവുംവരകളിലൂടെ മായ്ക്കുന്ന അവൾ ആ സമയം പരാജയപ്പെട്ടു.രാത്രിയും പകലും സങ്കടത്തിലാണ്ട് ദിവസങ്ങളും നീക്കി. ഒരു ദിവസം മറ്റൊരു വിഷയത്തിലായി കലഹം. പിഞ്ചുമനസ്സിന് താങ്ങാനാവുന്നതിലും അപ്പുറം. ഒടുക്കം അവളാസങ്കടം അവസാനിപ്പിക്കാനായി അവൾ സ്വയം ബലിയാടായി.അവളുടെ മൃതദേഹം ദഹിപ്പിച്ചശേഷം അവർ അവളുടെ മുറിയിൽ കയറി.ചുമരിലും മേശപ്പുറത്തും പുസ്തകത്തിലുമെല്ലാം അവൾ വരച്ച പടങ്ങൾ.ഒരു പുസ്തകം മറിച്ചുനോക്കിയപ്പോൾ ആത്മഹത്യചെയ്യുന്ന ദിവസം വരച്ച ചിത്രം അച്ഛനമമ്മയുമൊത്ത് കളിച്ചുചിരിക്കുന്ന നിമിഷം. ആ ചിത്രത്തിന് താഴെ "മാസ്റ്റർ പീസ്" എന്നെഴുതിയിരിക്കുന്നു.നിറഞ്ഞ കണ്ണുകളോടെ അവർ നിലത്തുവീണു.




# കേരള നാട്

കണ്ടോ നാട്ടാരെ കണ്ടോ എൻ നാട്ടാരെ
കേരളനാടിനെ നിങ്ങൾ കണ്ടോ [2]
അറിവിൽ മുന്നിൽ പ്രശസ്തിയിൽ മുന്നിൽ
ധീരതയിലും നമ്മൾ [ഞങ്ങൾ] മുന്നിൽ
പുണ്യപുരാതന പാവനഭൂമിയാം
കേരളനാടിനെ നിങ്ങൾ കിണ്ടോ [2]
സ്വാതന്ത്ര്യം എന്നൊരു ജന്മാവകാശം
നേടിയെടുത്തൊരു നാടിനെ കണ്ടോ
വാഗ്ഭടാനന്ദൻ പിറന്നൊരു നാട്
നാണു സ്വാമി പിറന്നൊരു നാട്
എന്നുടെ നാടാം സുന്ദര കേരളം
വെൺമയെഴുന്നൊരു വാത്സല്യകേരളം
എന്നുടെ കേരളം എത്രയോ സുന്ദരം
ശോഭയിൽ മുങ്ങിയ നമ്മുടെ കേരളം[2]



**കൃഷ്ണശ്രീ**
**X A**



# മായാത്ത പുഞ്ചിരി



**ഷഹാന ഷെറിൻ**

**IX A**

കാറ്റ് മരങ്ങളെയും ചെടികളെയും തലോടിക്കൊണ്ട് ആഞ്ഞു വീശുകയാണ്.കാർമേഘങ്ങൾ യുദ്ധപോർക്കളത്തിലാണ്.ഇടിമിന്നൽ കരച്ചിലിന് വഴിമാറി.ആ വൃദ്ധ തന്റെ നരച്ച മുടികളിൽക്കൂടി വിരലോടിച്ചു.അവർ ജനലഴികളിൽക്കൂടി മഴയെ വരവേൽക്കുകയാണ്.പിറ്റേ ദിവസം തന്റെ മകനോടൊപ്പം അവർ ഇറങ്ങി.അപ്പോൾ മഴ ശക്തമായി പെയ്യുന്നുണ്ടായിരുന്നു.

മകന്റെ ഭാര്യയുടെ മുഖത്ത് അത്യന്തികം സന്തോഷം നിഴലിച്ചിരുന്നു.

"വാ, അമ്മേ കയറ് " മകൻ അമ്മയെ പിടിച്ച് കാറിൽ കയറ്റി.കാറ് മുന്നോട്ട് ചലിക്കുമ്പോഴും ആ വൃദ്ധയുടെ മനസ്സ് പിന്നോട്ട് ചലിക്കുകയായിരുന്നു.തന്റെ മകനെ ആദ്യമായി സ്കൂളിൽ ചേർത്തതും അവന് " അമ്മേ" ന്ന് വിളിച്ച് കരഞ്ഞതും ഒക്കെ അവരുടെ മനസ്സിനെ നോവേൽപ്പിച്ചു.തന്റെ മകനും ആദ്യമായും അവസാനമായും സ്കൂളിലെന്നപോലെ തന്നെ ചേർക്കുകയാണെന്ന് ആലോചിച്ചപ്പോൾ അവരുടെ കണ്ണ് നിറഞ്ഞു.അങ്ങനെ മകന്റെയും ഭാര്യയുടെയും കാത്തിരിപ്പിന് വിരാമമിട്ട് ആ സ്ഥലമെത്തി."വൃദ്ധസദനം" എന്ന ബോർഡ് വായിച്ചപ്പോൾ അവരുടെ ഹൃദയം നുറുങ്ങിയ വേദന അനുഭവപ്പെട്ടു. അവിടുത്തെ വാർഡൻ വന്ന് അവിടുത്തെ ഫോർമാലിറ്റീസൊക്കെ ചെയ്തുകൊടുത്തു.

“അമ്മേ...അപ്പോൾ ഞങ്ങൾ പോകട്ടെ" മകന്റെ ഭാര്യ അവരുടെ മെലിഞ്ഞ വിറയാർന്ന കൈകൾ പിടിച്ചു കൊണ്ട് ചോദിച്ചു. മറുപടിയായി അവരൊന്ന് മൂളി.

"മോനെ ദിവാകരാ, ഞാൻ....... എനിക്ക് പേടിയാ.... മോനെ" ചെറിയ പിഞ്ചോമനയെപ്പോലെ അവർ കരഞ്ഞു. ദിവാകരന്റെ മനസ്സൊന്ന് പിടഞ്ഞു.

"മീനാക്ഷിയമ്മ , ഇങ്ങകത്ത് വരൂ..... അവരൊക്കെ കാണാൻ വരും "

വാർഡൻ അവരെ പിടിച്ച് ഉള്ളിലേക്ക് കയറ്റി. പെട്ടെന്ന് ഇടിയുടെ ഗർജനം അവിടെ അലയടിച്ചു. കാലം തെറ്റിയുള്ള മഴ ഭൂമിയിലേക്ക് പെയ്തിറങ്ങി.

ദിവാകരനും ഭാര്യയും വീട്ടിലെത്തി.പടികളിൽ കാല് ചവിട്ടുമ്പോൾ ദിവാകരന് അവിടെ ആകെ അമ്മയുടെ സുഗന്ധം നിറഞ്ഞുനിന്നപോലെ തോന്നി.പെട്ടെന്ന് കാറ്റ് ആ സുഗന്ധത്തെയും കൊണ്ട് കടന്ന് കളഞ്ഞു. അയാളുടെ മുഖത്ത് കുറ്റബോധം നിഴലിച്ചു.

"വൃദ്ധസദനത്തിന്റെ ജനലഴികളിൽക്കൂടി മീനാക്ഷിയമ്മ പ്രകൃതിയിലേക്ക് നോക്കുകയാണ്. കീറിപ്പറഞ്ഞ നരച്ച സാരിയും,കറുത്ത മുടിയിഴകളെ പിന്നിലാക്കി ഉയർന്നുവന്ന നരച്ച മുടിയും ,ചുക്കിച്ചുളിഞ്ഞ ആ മുഖത്തെ തന്റെ മകനെ തേടിയുള്ള നിരാശയുമൊക്കെ അവരെ തളർത്തി.

മോനെ ദിവാകരാ, ഞാൻ ...... എനിക്ക് പേടിയാ.... മോനെ "

പെട്ടെന്ന് ദിവാകരൻ കിടക്കയിൽ നിന്നും ഞെട്ടിയെഴുന്നേറ്റു.സ്വപ്നമാണോയെന്ന് തിരിച്ചറിയാൻ അയാൾക്ക് അധികസമയം വേണ്ടിയിരുന്നില്ല.

ആ പാതിരാത്രിക്ക് അയാൾ തന്റെ കാറുമെടുത്ത് അമ്മയുടെ അടുത്തേക്ക് കുതിച്ചു.അയാൾ വൃദ്ധസദനത്തിലേക്ക് ഓടിക്കയറി. അവിടെയാകെ ഒരുപാട്പേരെക്കൊണ്ട് നിറഞ്ഞിരുന്നു.അയാളിൽ ഭയത്തിന്റെ കണങ്ങൾ ഉയർത്തെഴുന്നേറ്റു.വെള്ളത്തുണിയിൽ പുതച്ച ഒരു ശരീരത്തെ അയാൾ കണ്ടു.അവിടെയുള്ളവരുടെ നോട്ടം അയാൾക്ക് അരോചകമായി തോന്നി.തന്റെ വിറയാർന്ന കൈകൾക്കൊണ്ട് പുതപ്പ് ഒരൽപ്പം നീക്കി.തന്റെ അമ്മയുടെ മുഖം.ദിവാകരന് തന്റെ ശ്വാസം നിലച്ചപോലെ തോന്നി.പക്ഷെ അവരുടെ മുഖത്ത് മായാത്ത ഒരു പുഞ്ചിരി നിഴലിച്ചിട്ടുണ്ടായിരുന്നു.



*MALAVIKA.V.K*

*IX G*

# *DARK WORLD*

*Black tears came from our eyes*
*It oozes to the dark world*
*One who carries dark memories inside*
*And wear white memories outside*
*Wear the strangest wounds in the world*
*That heal the wound brutally*
*Go through the darkest days*
*Never turn back*
*It again make wounds on*
*Your path.......*



അവന്യ

**X B**

ഗുരുനാഥാ........
ഓരോ ദിവസവും കടന്നുചെല്ലുമ്പോഴും
ഇന്നലെവരെയുള്ള ദിവസത്തെ,
നാം എന്റെ ഹൃദയത്തിലെ ഒരു ചിത്രമായ്
ഓർമിക്കുകയാണ് എൻ ഗുരുനാഥന്മാരെ
എൻ ജീവിതത്തിലെ എന്നെ ഉണർത്തിയ
ആദ്യ ഗുരുവാണെൻ അമ്മ
ജീവിതമോ ഒരു നാണയം ഈ നാണയ-
ത്തുണ്ടുകളിലുണ്ട് തോൽവിയും,വിജയവും
ഹിംസയും,ചതിയും അപ്പോഴും
ഞാൻ ഓർക്കുന്നു എൻ വിധിയെ
തോൽപ്പിക്കാൻ പഠിപ്പിച്ചതും എൻ ഗുരുനാഥൻ



# സൗഹൃദം



**പൂജ.പി.വി**

**IX H**

പ്രണയത്തിനപ്പുറം സൗഹൃദമെന്നൊരു ലോകമുണ്ട്, പലരും അറിയാതെ പോകുന്ന ഒരു ലോകം. വാക്കുകൾക്കൊണ്ട്

എത്ര അലങ്കരിച്ചാലും ഒരിക്കലും അതു പൂർണമാവുകയില്ല .

എത്ര വാതോരാതേ പറഞ്ഞാലും അതു പൂർത്തിയാവുകയില്ല.

സൗഹൃദം എന്നൊരു വാക്കിൽ ഒളിഞ്ഞിരിക്കുന്ന ഒരായിരം വികാരങ്ങളുണ്ട്. ചില സൗഹൃദങ്ങൾ ഉണ്ട്, നമ്മുടെ കൂടെ അവരെപ്പോഴും ഉണ്ടാവണമെന്ന് ഇല്ല. പക്ഷേ നമ്മൾ എന്തെങ്കിലും പ്രയാസം നേരിടുമ്പോൾ അവർ തരുന്ന ആത്മവിശ്വാസം ഉണ്ടല്ലോ അതിനു പകരമാവില്ല ഒന്നും.

അങ്ങനെ ഒരു സൗഹൃദം ഉള്ളരവാണ് പലപ്പോഴും വിധി മാറ്റി എഴുതി ജീവിതം ആസ്വദിക്കാൻ തുടങ്ങിയതും. തെറ്റ് കാണുമ്പോൾ മടിക്കൂടാതെ അത് തെറ്റാണെന്ന് ചൂണ്ടികാണിച്ച് തിരുത്താനും വഴിതെറ്റി നടക്കുമ്പോൾ തോളിൽ കൈയും വെച്ച് മെല്ലെ അതിൽ നിന്നും നമ്മളെ മാറ്റിനടത്താനും ഒരാളുണ്ടെങ്കിൽ അതിനു പകരമാവില്ല ഈ ലോകത്തിലൊന്നും.



*Born from the Earth's elements*
*To destroy its very essence*
*I grew up in a world without trees*
*I never felt the fresh air upon my face*
*I never sat beneath their cool shade*
*But I never had to sit under the scorching sun*
*Because of ever developing technology*
*But our Artificial Intelligence has now taken over us*
*We are now their puppets beneath their will*
*We now are like the Indians under the control of the British*

*Fathimathul Rifa T K*
*IX I*




*I have heard stories about the world decades ago*
*Full of green trees and clear streams*
*When people could walk freely without oxygen tanks*
*I could never imagine such a world*
*Where freedom was in the air*
*Where there was no threats of the world ending*

*Where there was water plenty everywhere*
*But it all changed in the 22nd Century*
*The wells depleted,Ice melted*
*People where warned not to move about.*
*Youngsters rose,demanding answers*
*Cursing the Elders for acting in time*
*For not changing the world from its course*
*Because we had every little chance to step back*
*To think about our actions*
*To change the Earth for the better.*
*But we were late*
*And now we can only hope we die before the situation gets worse*
*And the Earth will become a ball of heat*
*As it was once before.*



# പ്രളയം



കണ്ണീർ തുടയ്ക്കാൻ പെയ്തമഴ
കണ്ണീരിൽ കുതിർന്ന ജീവിതങ്ങൾ
പുഴനിറഞ്ഞു,കര കവിഞ്ഞു ,വീടുനിറന്നു
അളുകളൊഴിഞ്ഞു
കാലനെ പോലൊരു രൂപത്തിൽ
പെയ്ത പേമാരിയിൽ നമുക്ക്
ഉറ്റവരെയും ഉടയവരെയും നഷ്ടമായി
പാതി തീർന്ന ജീവിതം
ഇനി തുടരണോ ജീവിക്കണോ
എന്നറിയാതെ നിൽക്കുന്നു ഞങ്ങൾ...



സോന സുനിൽ

IX H



**Fathimathul Shaja IX F**

*In Winner I get up at night*
*And dress by yellow candle light.*
*In Summer,quite the other way,*
*I have to go to bed by day.*
*I have to go to bed and see*
*The birds still hopping on the tree,*
*Or hear the grown-up people's feet*
*Still going past me in the street.*
*And does it not seem hard to you,*
*When all the sky is clear and blue,*
*And I should like so much to play,*
*To have to go to bed by day?*

# BED IN SUMMER

ജീവിതം എന്നൊരു പാതയിൽ ഒരു
നിഴലായി കൂടെയുണ്ട് എൻ അമ്മ
എൻ ജീവിതത്തിലെ ആദ്യഗുരുവാണെൻ അമ്മ
ഏതൊരു കാറ്റ് വന്നുതഴുകിയാലും
എൻ അമ്മ തലോടും സുഖം വേറെതന്നെ
ബാല്യകാലത്ത് നിലാവുള്ള രാത്രികളിൽ
അമ്മയെനിക്ക് നക്ഷത്രപ്പൂവ് കാണിച്ചുതന്നതും
ഞാൻ ഓർക്കുന്നു,
അമ്മ എന്നെ സ്പർശിക്കുമ്പോഴും
ഞാൻ ഓർക്കുന്നു,ഇന്നലെ വരെയുള്ള രാത്രികളെ
അമ്മേ നിങ്ങളാണെൻ ജീവന്റെ സ്പന്ദനം
അമ്മേ നിങ്ങളാണെൻ ജീവന്റെ തണൽ...



**ദേവാഞ്ജന**

**IX B**

# മാതൃത്വം



*With her, I enjoyed*
*Those two days*
*Her love sprouted*
*As words to me*
*Though her throat shivered*
*She spelled again and again...*
*When she began to sleep*
*In , that worst bed,*
*I sat near her feet*
*"Please, I want her love more"*
*I prayed to the almighty*
*But, the fate*
*Took her away, in*
*The paradise of love*
*I cried, as*
*Those days with my Grandmother...........*



# With My Grandmother



*CHANDHANA.P*
**IX I**



# ചിത്രശലഭം

ആദിയ.എൻ.പി
IX H

അകലാൻ തുടങ്ങിയപ്പോൾ
എന്റെയുള്ളിൽ തിരമാലയായി ഉയരാൻ
തുടങ്ങിയത് എന്തിന് ?
മറക്കുവാൻ ശ്രമിച്ചപ്പോൾ താഴിട്ടുപൂട്ടിയ
കവാടങ്ങളിൽ സ്വരം ഉയർത്തി
നോക്കിയത് എന്തിന് ?
അറിയില്ലായിരുന്നോ?
ഞാനാകുന്ന ശലഭത്തിന്റെ
പൂന്തളിരിൻ തുമ്പിനാൽ
തേനിന്റെ ഗന്ധം അറിയാൻ കഴിയുമെന്ന്?
പിന്നെ എന്തിനായിരുന്നു മുറിവേറ്റ
തന്റെ മനസ്സിനെ സ്നേഹമായ
മൂർച്ചയേറിയ സൂചിയാൽ
വീണ്ടും രക്തം പൊടിപ്പിച്ചത്
പറയമായിരുന്നില്ലേ എല്ലാം
പുറമെയുള്ള നാട്യമായിരുന്നെന്ന് ...............

# അമ്മ

എന്റെ ജീവിതത്തിലെ ഓരോ ഇരുട്ടും
നിലാവായ് വന്ന് മാറ്റിതന്ന
സ്നേഹത്തിൻ കാരുണ്യമേ....
തൻ ജീവതത്തിലെ എറ്റവും വലിയ
വേദന സഹിച്ച്
എന്നേ ഭൂമിയിലേക്ക് എത്തിച്ച്
ജീവിതം തന്ന ദൈവമേ..
എൻ പരിചാലകയായ്, ഗുരുവായ്
ഒരു നല്ല സുഹൃത്തായ് മാറിയവളേ..
തന്റെ ജീവിതം മുഴുവൻ എനിക്കു
വേണ്ടി ചിലവഴിച്ച
അമ്മേ........
ഞാൻ എന്തുചെയ്യണം
ഈ തന്ന സ്നേഹത്തിനു
പകരമായ്....
ഓരോരോ മക്കളും
അമ്മതൻ വാർദ്ധക്യത്തിൽ
ചവറ്റുകൊട്ടയിൽ വലിച്ചെറിയുമ്പോൾ
മാലിന്യമായ് മാറിയ അമ്മേ...
എന്തേ നീ ഇത്രയും ക്രൂരമായതിനു
പ്രതികരിക്കാതെ നിശ്ചലമായ് നിൽക്കുന്നത്
'കാരണം ഞാനൊരു അമ്മയാണു മകനേ'



ദേവനന്ദ.കെ
IX H



പ്രീതിക.കെ.കെ
IX H





# എന്റെ കഥ

ഞാൻ നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിലാണ് ജനിച്ചത്. എന്നെപ്പോലെ മറ്റ് 99 നോട്ടുകൾക്കൊപ്പം എന്നെ കുത്തിക്കെട്ടി വെച്ചു . ഇതുപോലെ പല നോട്ടുകെട്ടുകൾ ഓരോ പെട്ടിയിലിട്ട് ഒരു ലോറിക്കകത്ത് കയറ്റി . പെട്ടികളുടെ കിടുകിടാ ശബ്ദത്തിനിടയിൽ ഞങ്ങളുടെ യാത്ര ആരംഭിച്ചു . ഇതിന്റെ സംഗീതം ആസ്വദിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോയി . കുറെക്കാലം ഞങ്ങളുടെ ജീവിതം റിസർവ്വ് ബാങ്കിന്റെ ലോക്കറുകളിലായി .ഞാൻ സ്ഥിതി ചെയ്തിരുന്ന കെട്ട് ഒരു ശാഖാ ബാങ്കിലേക്ക് അയക്കപ്പെട്ടു . ഒരു വയസ്സൻ ഒരു നൂറു രൂപാ നോട്ടുകൊടുത്ത് ഈ കെട്ടിനെ വാങ്ങി ഞങ്ങളെ അയാളുടെ വീട്ടിൽ കൊണ്ടുപോയി.

നവവർഷത്തിന്റെ ആദ്യ ദിവസം എന്നെ ഈ മനുഷ്യൻ ഒരു കൊച്ചു ബാലനെ ഏൽപ്പിച്ചു . അവൻ എന്നെയും കൈയിൽ പൊക്കിപ്പിടിച്ച് ആഹ്ലാദം നിറഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും ഓടുകയായിരുന്നു . പ്രഭാതത്തിലെ ഇളംകാറ്റ് ഞാൻ ആസ്വദിച്ച് കഴിയുകയായിരുന്നു . കുറെക്കാലം ബന്ധനത്തിലായിരുന്ന എനിക്ക് അത് ഒരു ആശ്വാസമായിരുന്നു .

ആ ബാലൻ എന്നെയും കൊണ്ട് റോഡിലേക്ക് പോയി മിഠായി വിൽക്കുന്ന ആൾക്ക് എന്നെ നൽകി . മിഠായി വിൽക്കുന്നയാൾ വേറെ ചില നോട്ടുകളുടെ കൂടെ എന്നെയും തിരുകിവച്ചു . അവയിൽ ഒന്നുംതന്നെ എന്നെപ്പോലെ പുത്തൻ നോട്ടുകളല്ലായിരുന്നു .

വൈകുന്നേരം ആയപ്പോൾ എന്നെ വേറെ ചില നോട്ടുകളോടൊപ്പം ഈ മനുഷ്യൻ ചന്തയിൽ പോയി മീൻകാരിക്കു നൽകി . മീൻകാരിയോ , അവരുടെ കൈയിലെ മീനിലെ അവശിഷ്ടങ്ങളെല്ലാം എന്റെ ദേഹത്ത് പുരട്ടി . അവർ ഒരു തുണിസഞ്ചിയിൽ അടുത്ത ദിവസംവരെ എന്നെ വച്ചിരുന്നു . അടുത്ത ദിവസം രാവിലെ ഒരു ചായക്കടയിലെ പണപ്പെട്ടിയിൽ ഞാൻ എത്തിച്ചേർന്നു .അവിടെ രണ്ട് മൂന്ന് ദിവസങ്ങൾ കിടന്നപ്പോൾ ഞാനും മറ്റു നോട്ടുകളെപ്പോലെ മുഷിഞ്ഞ നോട്ടായി മാറി . ചായക്കടയിൽ ചായ കുടിക്കാൻ വന്ന ഒരാൾ എന്നെ കൊണ്ടുപോയി ബസ് കണ്ടക്ടറുടെ കൈയിൽ കൊടുത്തു . അയാളെന്നെ മടക്കി വിരലുകൾക്കിടയിൽ കുറെ സമയം വച്ചിരുന്നു . അവസാനം കുറെ ചില്ലറകളോടൊപ്പം ഒരു വൃദ്ധയുടെ കൈയിൽ കൊടുത്തു . അവരെന്നെ വീട്ടിൽ കൊണ്ടുപോയി ഒരു വലിയ പെട്ടിയിലിട്ടു . അവിടെ ധാരാളം മറ്റു നോട്ടുകൾക്കും ചില്ലറകൾക്കും ഇടയിൽ ഞാൻ കഴിഞ്ഞു . ആ വൃദ്ധ വെറും ലുബ്ധയാണെന്ന് തോന്നുന്നു . വർഷങ്ങളോളമായി ഞങ്ങൾ അവിടെത്തന്നെ കഴിയുകയാണ് . എപ്പോഴെങ്കിലും ഈ വൃദ്ധ ഒരു നാണയം പെട്ടിക്കകത്ത് ഇടാനോ അല്ലെങ്കിൽ ഞങ്ങളെ എണ്ണാനോ ശ്രമിക്കുമ്പോൾ മാത്രം ഞങ്ങൾക്ക് കുറച്ച് ശുദ്ധവായു ലഭിക്കും . മിക്കവാറും ഈ വൃദ്ധ മരിക്കുന്നതുവരെ ഞങ്ങളിവിടെത്തന്നെ കഴിയും....



# അമ്മ

രണ്ടക്ഷരത്തിനപ്പുറം മിഴികൊണ്ടു
കാണാൻ കഴിയുന്ന  ദൈവമാണമ്മ
അമ്മിഞ്ഞ പാലിൻ വീര്യവും അച്ഛനെന്ന
വാക്കിൻ ധൈര്യവും പകർന്ന
പ്രതീക്ഷയും പ്രത്യാശയുമായി വീടിൻ
നിലവിളക്കിൻ ശോഭയോടെ, പാത്രങ്ങൾക്ക്
കൂട്ടായി , പ്രപഞ്ചസത്യമായി പ്രകാശിക്കുന്നു
രണ്ടിനപ്പുറമെന്ന മഹാസത്യമായി
ഐശ്വര്യത്തിന്റെകെടാവിളക്കായി
പ്രകാശോജ്ജ്വലതയോടെ പാറിപറന്ന്
പറക്കമുറ്റക്കുഞ്ഞിനു തീറ്റതേടുമാസത്യം
ഭക്ഷണസാധനത്തിലുപ്പുപോലെ
വീട്ടിനകത്തെ വെളിച്ചമായി
കൂരിരുൾ  നീക്കുന്ന സൂര്യനായി
ഈ പ്രപഞ്ചത്തിലുണ്ടൊരാശക്തി
അമ്മ എന്ന ആ ശക്തി



അഭിനയ എം .കെ

**IX A**



ഫാത്തിമ യു.കെ

IX B

## സത്യം

അഖിലമായ് ആർദ്രമായ് എപ്പോഴോ
വന്നുചെരുന്നൊരു ജീവിതനായകനാണു സത്യം
ഒരു പക്ഷേ, വാക്കിലൊതുങ്ങാത്ത കണ്ണുനീരാണു സത്യം
മുത്തശ്ശി പറയുന്ന കഥയിലെ നായകനാണു സത്യം
ജീവിതം വഴികാട്ടുന്ന കാറ്റിന്റെ വേഗതയും
കടലിന്റെ ആഴത്തെയും,ഇതിലൊരു കൂടമായ്
കൂടിനുണ്ട് സുഹൃത്ത്,കാലം മാറുന്നുവോ
ഇന്നീ ഈ സന്ധ്യയിൽ,അമ്മ കണ്ണീരിൽ
വിലയറിയാതെ സത്യമറിയാതെ പ്രണയിക്കുന്നുവോ
കൗമാരയുഗത്തിൽ സ്വാതന്ത്ര്യകടലിൽ മുങ്ങികുളിച്ചാലും
ജീവിതാനുഭവകഥയിൽ മയങ്ങാത്തനുഭവമാണ് പ്രണയം.



സോനാര കെ

IX A

# നിഴൽ

നി ജനിച്ചു  വീണേ പിന്നെ ലോകത്തിലെ
മറ്റെന്തിനേക്കാളും ഏറെ ആരോ
നിന്നെ സ്നേഹിക്കുന്നുവെന്ന്
തോന്നുന്നുവെങ്കിൽ,
നീ ജനിക്കുന്നതിനു മുൻപേ നിന്നെ
സ്നേഹിച്ച,നിന്നെ നീയാക്കി മാറ്റിയ
ആ രണ്ടു വ്യക്തിത്വങ്ങളെ വേദനി-
പ്പിച്ചു കൊണ്ടാവരുത് മറ്റൊന്നും...............



ഉയർന്നു നിൽക്കും പൂങ്കാവനമാം
പുണ്യ കലാലയമേ.......
വിദ്യാധനമാം  തേൻനുകരാം
വണ്ടുകളായ് ഞങ്ങൾ
സ്മൃതിയുടെ ചെപ്പ് തുറന്നീടുമ്പോൾ
കാണാം കൗതുകമേ ....
എത്ര മഹാന്മാർ വിദ്യനുകർന്ന
വിദ്യാസാഗരമേ......
പട്ടുത്തുയർത്തി മഹാരഥന്മാർ
നാടിൻ നന്മക്കായ്
വിയർപ്പുതുള്ളികൾ മനുഷ്യനന്മക്കടിയറ
വെച്ചവരേ.
പ്രപഞ്ചമഖിലം നിങ്ങളെയോർക്കാൻ
സന്താനങ്ങളിതാ
ഉലകിൽ നന്മ പ്രകാശിപ്പിക്കാനായ്
ഞങ്ങളുണരുന്നു...........




പൂജാ.പി. വി

*IX H*

# അറിവിൻ പ്രപഞ്ചം


നന്ദി...
ഇത്തരമൊരു സർഗപ്രവർത്തനത്തിൽ സൃഷ്ടികൾ
തന്ന് സഹായിച്ചവർക്കും പ്രത്യക്ഷവും
പരോക്ഷവുമായി പിന്തുണയർപ്പിച്ചവർക്കും
ഞങ്ങളുടെ അകമഴിഞ്ഞ നന്ദി
രേഖപ്പെടുത്തിക്കൊള്ളുന്നു...


Logout